# സോക്രട്ടീസ്

● പട്ടണക്കാട് അബ്ദുൽ ഖാദർ


ലോകപ്രസിദ്ധ ചിന്തകനായിരുന്നു സോക്രട്ടീസ്. വധശിക്ഷക്ക് വിധിക്കപ്പെട്ട അദ്ദേഹം. ചിന്താധീനനായി ജയിലിൽ കഴിയുകയാണ്. പാതിരാത്രിയായി. നിശ്ശബ്ദതയെ ഭേദിച്ച് ഒരു ഗാനം ഒഴുകിവരുന്നു.

എതിർവശത്തെ മുറിയിൽ നിന്നാണ്. മനോഹരവും അർത്ഥവത്തുമായ വരികൾ. ഉൽസാഹജനകമായ സംഗീതം. ഇമ്പമാർന്ന സ്വരമാധുരി.

ഗാനം സോക്രട്ടീസിനെ വല്ലാതെയാകർഷിച്ചു. ‘‘സുഹൃത്തേ, പാട്ട് നന്നായിട്ടുണ്ട്. എനിക്ക് പഠിപ്പിച്ച് തരാമോ?’’ സോക്രട്ടീസ് തടവുകാരനോട് ചോദിച്ചു. ‘‘നാളത്തെ പുലരിയിൽ താങ്കളെ വധിക്കുമല്ലോ. അൽപനേരത്തേക്കായി മാത്രം എന്തിന് പാട്ട് പഠിക്കണം?!’’ സഹ തടവുകാരന് ആശ്ചര്യം.

‘‘താങ്കളുടെ ചോദ്യം ഉചിതം തന്നെ. പഠനം പൂർത്തിയാക്കുവാൻ കഴിയുമോയെന്നുതന്നെ സംശയമാണ്. എന്നാൽ ജീവിതം എന്ന് അവസാനിക്കുമെന്ന് ആർക്കെങ്കിലും നിശ്ചയമുണ്ടോ? എന്തായാലും അവസാനിക്കുന്നിടം വരെ ജീവിക്കണമല്ലോ. അത് ആഘോഷമായിത്തന്നെ ജീവിക്കുക. ആനന്ദത്തിന് പാട്ട് കേൾക്കുന്നതും പാടുന്നതും നല്ലത് തന്നെ. മനസ്സിലെ സുകൃതമാണ് താങ്കളെ പാടാൻ പ്രേരിപ്പിച്ചത്.’’ സോക്രട്ടീസ് പറഞ്ഞു.

സഹ തടവുകാരൻ സോക്രട്ടീസിനെ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ മുഖത്ത് മരണചിന്ത ഇല്ല. അയാൾക്ക് സോക്രട്ടീസിന്റെ നൻമ നിറഞ്ഞ മനസ്സ് ബോധ്യമായി. അയാൾ ഉൽസാഹത്തോടെ പാടിത്തുടങ്ങി. സോക്രട്ടീസ് പാട്ട് പഠിക്കാനും തുടങ്ങി. ●



▸▸ റഫറിമാരെ സഹായിക്കാൻ വാർ സംവിധാനം നിലവിൽ വന്ന കായികയിനം– ഫുട്ബോൾ